## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 641 06.02.2013 ലെ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് സ്കീം

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ. ദാസൻ**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം ധനസഹായം കിട്ടുന്നതിന് എന്തെല്ലാം നടപടികളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ; മാർഗ്ഗ രേഖ വിശദീകരിക്കുമോ ; | മൂന്ന് ലക്ഷം രൂപ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി 2 ലക്ഷം രൂപയാണ് ചികിത്സാ സഹായം ലഭിക്കുന്നത്. ചികിത്സ നടത്താൻ ഉദ്ദേശിക്കുന്ന ആശുപത്രിയിൽ നിന്നും ലഭിക്കുന്ന ചികിത്സാ ചെലവ് സംബന്ധിച്ചുള്ള എസ്റ്റിമേറ്റ് ഉൾപ്പെടെ ആവശ്യമായ രേഖകൾ സഹിതം അതതു ജില്ലാ ഭാഗ്യക്കുറി ഓഫീസിലേയ്ക്കാണ് അപേക്ഷ നൽകേണ്ടത്. ജില്ലാ കമ്മറ്റിയുടെ ശുപാർശ അനുസരിച്ച് ഓൺലൈനായി സംസ്ഥാന കമ്മറ്റിയിലേക്ക് വരുന്ന അപേക്ഷ പരിഗണിച്ച് ബന്ധപ്പെട്ട ആശുപത്രികളിലേക്ക് ചികിത്സാ സഹായം അനുവദിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് പ്രൈവറ്റും ഗവൺമെന്റും ആയി ഏതെല്ലാം ആശുപത്രികൾ "കാരുണ്യ" ബെനവലന്റ് സ്കീമിനായി സർക്കാർ അക്രഡിറ്റ് ആശുപത്രികളായി തെരഞ്ഞെടുത്തി രിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്. അക്രെഡിറ്റ് ചെയ്ത സർക്കാരിതര ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | കോഴിക്കോട് ജില്ലയിൽ നാളിതുവരെ കാരുണ്യ ബെനവലന്റ് ഫണ്ടിനായി എത്ര | ഇതേവരെ ലഭിച്ച അപേക്ഷകൾ<br>ആകെ - 964 |

| | | |
|---|---|---|
| | അപേക്ഷ ലഭിച്ച എന്നും, എത്രയെണ്ണം തീരുമാനമാക്കി എന്നും വ്യക്തമാക്കുമോ; ധനസഹായത്തിന് പരിഗണിക്കാതെ തള്ളിയ അപേക്ഷകൾ ഏതെല്ലാം; ആരുടെയെല്ലാം അപേക്ഷകൾ ആണ് നിരസിച്ചതെന്ന് വ്യക്തമാക്കുമോ അപേക്ഷകൾ നിരസിക്കാനുള്ള കാരണം വ്യക്തമാക്കുമോ ; | ജില്ലാകമ്മറ്റിയിൽ തീരുമാനമായ അപേക്ഷകൾ - 762<br>സ്റ്റേറ്റ് കമ്മറ്റിയിൽ തീരുമാനം - 705<br>തള്ളിയ അപേക്ഷകൾ - 27<br>നിരസിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | അടിയന്തിര സാഹചര്യത്തിൽ രോഗികൾക്ക് മുൻകൂർ അനുവാദം ലഭിച്ച് സഹായം ലഭിക്കാൻ എന്തെല്ലാം നടപടികളാണ് പാലിക്കേണ്ടതെന്ന് വിശദീകരിക്കുമോ ; | സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ബന്ധപ്പെട്ട ഡോക്ടറുടെ എമർജൻസി സർട്ടിഫിക്കറ്റും മറ്റു രേഖകളും ഉൾപ്പെടെ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ അപേക്ഷ നൽകിയാൽ ആയത് പ്രാഥമിക പരിശോധന നടത്തി എത്രയും പെട്ടെന്ന് മുൻകൂർ ചികിത്സ അനുമതി നൽകുന്നതിന് അതത് ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ നൽകിയതിന്റെ നടപടി ക്രമങ്ങൾ തീരുന്നതിനു മുമ്പ് അടിയന്തിര ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ അഡ്മിനിസ്ട്രേറ്ററും മുൻകൂർ ചികിത്സാ അനുമതി നൽകുന്നുണ്ട്. |
| (ഇ) | കോഴിക്കോട് ജില്ലയിലെ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ചുമതലപ്പെട്ട ജില്ലാ സമിതിയിൽ അംഗങ്ങളായിട്ടുള്ളവർ ആരെല്ലാമെന്ന് പേരും മറ്റു വിവരങ്ങളും നൽകുമോ ; | ജില്ലാ കളക്ടർ - ചെയർമാൻ<br>ജില്ലാ ഭാഗ്യക്കുറി ഓഫീസർ - കൺവീനർ<br>സൂപ്രണ്ട് മെഡിക്കൽ കോളേജ്, കോഴിക്കോട്, - മെമ്പർ<br>ഡി.എം.ഒ. - മെമ്പർ<br>മെഡിക്കൽ കോളേജ് ആശുപത്രിയിലെ എല്ലാ വിഭാഗം മേധാവികളും മെമ്പർമാരാണ്. |
| (എഫ്) | ജില്ലാതല കമ്മിറ്റികൾ ചേരുമ്പോൾ നിയമസഭാ സമാജികരെ കൂടി ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; | സഹായത്തിന് അപേക്ഷ നൽകിയിട്ടുള്ള അപേക്ഷകനെ തിരിച്ചറിയുന്നതിനും ടിയാന്റെ ചികിത്സയ്ക്ക് ശുപാർശ ചെയ്തിട്ടുള്ള തുകകളുടെ അർഹത പരിശോധിക്കുന്നത് ജില്ലാ കളക്ടർ, ബന്ധപ്പെട്ട ഡോക്ടറും, ജില്ലാ |

| | | |
|---|---|---|
| | | മെഡിക്കൽ ഓഫീസറും, ആശുപത്രി സൂപ്രണ്ടും, ജില്ലാ ഭാഗ്യക്കുറി ഓഫീസറും ഉൾപ്പെടുന്ന തികച്ചും ഒരു ടെക്നിക്കൽ കമ്മിറ്റിയാണ്. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണ് സംസ്ഥാനതല കമ്മിറ്റി സഹായം അനുവദിക്കുന്നത്. |
| (ജി) | അപേക്ഷ നൽകി ജില്ലാതല കമ്മിറ്റിയിൽ അംഗീകാരം ലഭിക്കുന്ന സമയത്തിന്റെ ഇടവേളയിൽ ശസ്ത്രക്രിയ കഴിഞ്ഞുപോയാൽ രോഗിക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടുമോ എന്നത് വ്യക്തമാക്കുമോ ; | അപേക്ഷ നൽകിയ തീയതി മുതൽ ചികിത്സാ സഹായത്തിന് അർഹതയുണ്ടെന്നതിനാൽ ജില്ലാ കമ്മറ്റിയിൽ അംഗീകാരം ലഭിക്കുന്ന സമയത്തിന്റെ ഇടവേളയിൽ രോഗി സ്വന്തമായി ചിലവഴിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഈ തുകയും തുടർ ചികിത്സാ ചിലവും പരമാവധി എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തുന്നതാണ്. മാത്രമല്ല സർക്കാർ ആശുപത്രികളിൽ അടിയന്തിര ചികിത്സയ്ക്ക് മുൻകൂർ അനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |
| (എച്ച്) | കോഴിക്കോട് ജില്ലയിൽ ഇതുവരെ ആനുകൂല്യം ലഭിച്ചവരുടെ പേര്, വിലാസം എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ? | അനുബന്ധം III ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം [illegible] ലഭ്യമാണ്